# സി.എ.എം.എച്ച്.എസ്

## കുറുമ്പകര

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സി.എ.എം.എച്ച്.എസ്, കുറുമ്പകര |
| ഉപജില്ല | : | അടൂർ |
| വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| ജില്ല | : | പത്തനംതിട്ട |
| വർഷം | : | **2025 - 2026** |

# ഉള്ളടക്കം

1. ആമുഖം
2. ചരിത്രം
3. നമ്മുടെ വിദ്യാലയത്തിന്റെ കാഴ്ചപ്പാട്
   - വായനയുടെ സംസ്കാരം രൂപപ്പെടുത്തുക
   - പഠനത്തെയും വിലയിരുത്തലിനെയും കുറിച്ചുള്ള സാധ്യതകൾ
   - ഹരിത വിദ്യാലയം
   - ലിംഗ സമത്വ സൗഹൃദ വിദ്യാലയം
   - കൈത്താങ്ങാകുന്ന വിദ്യാലയം
   - കാരുണ്യ വിദ്യാലയം
   - സമൂഹ സൗഹൃദ വിദ്യാലയം
   - അറിവ് നിർമ്മാണ വിദ്യാലയം
   - ഗവേഷണ വിദ്യാലയം
4. പൊതുലക്ഷ്യങ്ങൾ
5. സവിശേഷ ലക്ഷ്യങ്ങൾ
   - കുട്ടിയെ അറിയുക
   - പഠനരീതി നിർണയ ശില്പശാല
   - അധ്യാപകരിൽ ഗവേഷണ മനോഭാവം വളർത്തുക
   - ജനാധിപത്യബോധം കുട്ടികളിൽ വളർത്തുക
   - ലിംഗസമത്വം ഉറപ്പുവരുത്തുക
6. പരിമിതികൾ, വെല്ലുവിളികൾ
7. മേഖല – അക്കാദമികം മലയാളം

   ഉപമേഖല
   - വായനാ ഡയറി
   - ക്ലാസ് ലൈബ്രറി
   - വീട്ടിൽ ഒരു ലൈബ്രറി
   - വർക്ക്ഷോപ്പ് – സർഗസംഗമം
   - മോണിറ്ററിംഗ്
   - പുസ്തകാസ്വാദനം
   - ഭാഷാശേഷി വികസനം
   - ഡ്രാമ
   - മലയാളത്തിളക്കം
   - ഫിലിംക്ലബ്ബ്
   - തിരക്കഥാ ശില്പശാല
   - പ്രാദേശിക ചരിത്ര നിർമ്മാണം
   - കഥകളി അവതരണം
   - പഠനയാത്ര, യാത്രാ വിവരണം
   - ഭാഷാലാബ്
8. മേഖല – അക്കാദമികം ഇംഗ്ലീഷ്

   ഉപമേഖല
   - കുട്ടിയെ അറിയുക
   - സ്പോക്കൺ ഇംഗ്ലീഷ്
   - ന്യൂസ്പേപ്പർ റീഡിംഗ്
   - സ്കൂൾ അസംബ്ലി
   - ലാംഗ്വേജ് ലാബ്
   - ഇംഗ്ലീഷ് ഫെസ്റ്റ്
   - പുസ്തക ശേഖരണം – പരിചയപ്പെടുത്തൽ
   - സെമിനാർ
   - ഷോർട്ട് ഫിലിം മേക്കിംഗ്
9. മേഖല – അക്കാദമികം ഹിന്ദി

   ഉപമേഖല
   - ഹിന്ദി ഗ്രന്ഥശാല
   - ഹിന്ദി ഫെസ്റ്റ്
   - ഹിന്ദി അസംബ്ലി
   - കൈയെഴുത്ത് മാസിക നിർമ്മാണം
   - ഡോക്യുമെന്ററി പ്രദർശനം
   - സിനിമ പ്രദർശനം, പഠനയാത്ര

10. **ക്ലബ് – അക്കാദമികം**

**ജീവശാസ്ത്രം**

**ഉപക്ലബ്**

- പരീക്ഷണങ്ങൾ
- മോഡലുകളുടെ നിർമ്മാണം
- പ്രദർശനം
- പ്രോജക്ട് അവതരണം
- ശാസ്ത്ര ശില്പശാലകൾ
- ശാസ്ത്ര ലൈബ്രറി
- ശാസ്ത്ര മാസിക നിർമ്മാണം
- സയൻസ് ലാബ് നവീകരണം
- ഐ.ടി. ലാബ് നവീകരണം
- കുട്ടികളുടെ ആരോഗ്യരേഖ തയ്യാറാക്കൽ
- തണൽ വൃക്ഷങ്ങളുടെ നടീൽ
- ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമ്മാണം
- സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്
- പുത്തൻ പുത്തൻ കണ്ടെത്തലുകളുടെ പരിചയപ്പെടൽ
- ശാസ്ത്രകാരന്മാരുമായി സംവദിക്കൽ

11. **ക്ലബ് – അക്കാദമികം**

**ഊർജ്ജതന്ത്രം**

**ഉപക്ലബ്**

- സയൻസ് ബ്ലോഗ് നിർമ്മാണം
- ക്ലാസ് റൂം ലാബ്
- ISRO VISIT - പഠനയാത്ര
- സെമിനാർ

12. **ക്ലബ് – അക്കാദമികം**

**രസതന്ത്രം**

**ഉപക്ലബ്**

- ഏകദിന സെമിനാറുകൾ
- എക്സിബിഷൻ
- പ്രോജക്ട് രൂപീകരണം
- അഭിമുഖം
- പഠനയാത്ര
- സെമിനാർ, ഫീൽഡ് ട്രിപ്പ്

13. **ക്ലബ് – അക്കാദമികം**

**സാമൂഹ്യശാസ്ത്രം**

**ഉപക്ലബ്**

- ദിനാചരണങ്ങൾ
- ലഹരി വിരുദ്ധ യജ്ഞം
- ബാങ്ക് സന്ദർശനം
- പഞ്ചായത്ത് ഓഫീസ് സന്ദർശനം
- ഫീൽഡ് സ്റ്റഡി
- ചരിത്ര രചന
- പഠനയാത്ര
- ക്ലാസ്സുകളിലെ പത്രവായന
- സാമൂഹ്യശാസ്ത്ര ലാബ്
- ബുള്ളറ്റിൻ ബോർഡ്
- സംവാദം, സെമിനാർ, പാനൽ ചർച്ച എന്നിവ സംഘടിപ്പിക്കൽ
- ലൈബ്രറി ഉപയോഗപ്പെടുത്തൽ
- സ്കൂൾ പാർലമെന്റ് രൂപീകരണം
- മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ

14. **ക്ലബ് – അക്കാദമികം**

**കലാവിദ്യാഭ്യാസം**

**ഉപക്ലബ്**

- ചിത്രരചന
- ചിത്ര പ്രദർശനം
- കമ്പ്യൂട്ടറിൽ ചിത്രരചന
- Light & shade പരിശീലനം
- രചനാ മത്സരം
- ദിനാചരണങ്ങളിൽ ചിത്രരചന
- ആർട്ട് ലൈബ്രറി നിർമ്മാണം

15. **മേഖല - അക്കാദമികം**

**ഗണിതം**

**ഉപമേഖല**

- ഗണിതം അറിയാം
- ഗണിതം രസകരം
- ഗണിതം അരികിലേക്ക്
- ടീച്ചിംഗ് എയ്ഡ് നിർമ്മാണം
- ഗണിത മാസിക
- ദിനാചരണം
- ഗണിത ലാബ്
- ഗണിത മേള
- പഠനയാത്ര
- ജ്യാമിതിക്കുട്ടിയുടെ ഉപയോഗം. ശില്പശാല
- ഗണിതക്ലബ്ബ് പ്രവർത്തനങ്ങൾ
- ഗണിതലാബ് നവീകരിക്കൽ, പഠനോപകരണങ്ങളുടെ ശേഖരണം

16. **മേഖല - അക്കാദമികം**

**ആരോഗ്യ കായിക വിദ്യാഭ്യാസം**

**ഉപമേഖല**

- സെമിനാർ
- ഫീൽഡ് ട്രിപ്പ്
- സൂംബ ഡാൻസ്
- കായിക ഉപകരണങ്ങളുടെ സമാഹരണം

17. **മേഖല - ഭൗതികം**

**ഉപമേഖല**

- ഹൈടെക് സ്കൂൾ കെട്ടിട സമുച്ചയം
- ശബ്ദ സംവിധാനം
- CCTV, ജൈവ വൈവിധ്യ പാർക്ക്
- Absent Alert Facility - വൈദ്യുതി ഉല്പാദനം
- ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം
- സ്മാർട്ട് ക്ലാസ് റൂം.
- കളിസ്ഥലം
- Toilet, She Toilet
- ഫർണിച്ചർ
- വെള്ള സ്രോതസ്സ്

18. **മേഖല - സാമൂഹികം**

**ഉപമേഖല**

- ലഹരി വിരുദ്ധ യജ്ഞം
- അമ്മവായന
- സഹപാഠിക്ക് ഒരു കൈത്താങ്ങ്
- മാലിന്യ വിമുക്തഗ്രാമം
- രക്തനിർണ്ണയ ക്യാമ്പ്
- ഡയറക്ടറി നിർമ്മാണം
- പ്രഥമ ശുശ്രൂഷ സംവിധാനം
- നേത്ര പരിശോധന
- കൗൺസലിംഗ്

19. **ഉപസംഹാരം**

## ആമുഖം

അക്കാദമിക രംഗത്തുണ്ടാകുന്ന നൂതന മാറ്റങ്ങൾ വിദ്യാഭ്യാസ മേഖലയിൽ നവചൈതന്യം സൃഷ്ടിക്കുമ്പോൾ കുറുമ്പകര സി.എ.എം. ഹൈസ്കൂളും അതിന്റെ ഭാഗമായി മാറുന്നു. സമൂഹ പങ്കാളിത്തത്തോടെ സി.എ.എം.എച്ച്.എസ് വിഭാവനം ചെയ്യുന്ന ഹ്രസ്വകാല, മധ്യകാല, ദീർഘകാല അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളുടെ മാർഗരേഖയാണിത്. ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളായി മാറണമെന്നുള്ള കാഴ്ചപ്പാടിനോട് യോജിച്ചുകൊണ്ട് ഈ പ്രവർത്തനങ്ങളിൽ പൊതു സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഈ വികസന രേഖയിൽ ഉൾപ്പെടുത്തിയ കാഴ്ചപ്പാടുകളെ പ്രാവർത്തികമാക്കി കേരള സർക്കാർ വിഭാവനം ചെയ്യുന്ന അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസത്തിന് രൂപം കൊടുക്കാനുമുള്ള തുടക്കമാകട്ടെ ഈ വികസന രേഖ. പൊതുവായ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കാതെ പ്രായോഗികതയുടെയും തിരിച്ചറിവുകളുടെയും അടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കലുകൾക്ക് സാധ്യത നൽകിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ വിദ്യാഭ്യാസ വികസന രേഖ. അക്കാദമികവും ഭൗതികവും സാമൂഹികവുമായ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് തയ്യാറാക്കിയ ഈ വികസനരേഖ അന്താരാഷ്ട്ര നിലവാരമുള്ള, ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിലേക്കുള്ള ഒരു ചുവടുവയ്പാണ്.

## ചരിത്രം

പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ ഏനാദിമംഗലം ഗ്രാമപഞ്ചായത്തിൽ ഏഴാം വാർഡിൽ പ്രവർത്തിച്ചു വരുന്ന സ്കൂളാണ് സി.എ.എം.എച്ച്.എസ്, കുറുമ്പകര.

ക്രിസ്ത്യൻ മിഷണറിമാർ 1964-ൽ സ്ഥാപിച്ച ഈ വിദ്യാലയം പത്തനാപുരം ശാലേംപുരത്തെ ഏറ്റവും പഴക്കമേറിയ വിദ്യാലയമാണ്. പഴയ നിലയിൽ നിന്നും ഇന്ന് കാണുന്ന തരത്തിലുള്ള കെട്ടിടത്തിന്റെ നിർമ്മാണത്തിൽ അന്നത്തെ ഇടവക വികാരി യായിരുന്ന റവ. ഫാ. ചാൾസ് അഗസ്റ്റിന്റെ തീവ്ര പരിശ്രമങ്ങൾ എടുത്തു പറയേണ്ടതാണ്. ഷെവലിയാർ ജോസഫ് അത്രപ്പേർ എന്ന വ്യക്തിയുടേതായിരുന്നു ഈ വിദ്യാലയം. ഇന്നും ഈ വിദ്യാലയം അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു.

അഭിവന്ദ്യ കൊല്ലം രൂപതാ മെത്രാൻ ജെറോം ഫെർണാണ്ടസ് ആയിരുന്നു ആദ്യത്തെ കോർപ്പറേറ്റ് മാനേജർ. ഇന്ന് ഈ സ്കൂൾ പുനലൂർ രൂപതയുടെ അധീനതയിൽ ഉൾപ്പെടുന്നു. കൊല്ലം രൂപതാ മെത്രാൻ അഭിവന്ദ്യ ജെറോം ഫെർണാണ്ടസിന്റെ നേതൃത്വത്തിൽ 1964 ൽ ആണ് ഈ വിദ്യാലയം ആരംഭിച്ചത്. എട്ടാം സ്റ്റാൻഡേർഡിൽ മൂന്ന് ഡിവിഷനുകളുമായി ശ്രീ. എസ്. ജോൺ പ്രധാനാധ്യാപകനായി 1964 ജൂൺ ഒന്നിന വിദ്യാലയ വർഷം ആരംഭിച്ചു. 2022 ജൂൺ മാസം മുതൽ ശ്രീമതി ജാനറ്റ് ഫ്രാൻസിസ് ഈ സ്കൂളിന്റെ പ്രധാനാധ്യാപികയായി തുടരുന്നു. പുനലൂർ രൂപത മെത്രാൻ റൈറ്റ്. റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവ് രക്ഷാധികാരിയായും റവ. ഡോ. ക്രിസ്റ്റി ജോസഫ് കോർപ്പറേറ്റ് മാനേജരായും ഈ സ്കൂളിന്റെ മേൽനോട്ട ചുമതല വഹിക്കുന്നു.

പത്തനാപുരം ചരിത്ര പ്രസിദ്ധമായ സ്ഥലമാണ്. പത്തനാപുരത്തിന തിലകച്ചാർത്തായി ശാലേംപുരം എന്ന സ്ഥലത്ത് സി.എ.എം.എച്ച്.എസ് നിലകൊള്ളുന്നു. ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ ഈ വിദ്യാലയത്തെ അടുത്തറിഞ്ഞവർ സ്നേഹ

ത്തോടെ **'ഇരുപത്തിയാറ് സ്കൂൾ'** എന്ന ഓമനപ്പേരിട്ട് വിളിക്കുന്നു. പാഠ്യപാഠ്യേതര രംഗത്ത് മികച്ച പ്രതിഭകളെ സമ്മാനിക്കുവാൻ സി.എ.എം. ഹൈസ്കൂളിന കഴിഞ്ഞിട്ടുണ്ട്. ആതുരരംഗത്ത് സേവനമനുഷ്ഠിക്കുന്നവർ, രാഷ്ട്രീയ, സാമൂഹിക മേഖലകളിൽ സേവനമനുഷ്ഠിക്കുന്നവർ, കലാ കായിക മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ എന്നിങ്ങനെ ഈ സ്കൂളിന്റെ യശസ്സ് വർദ്ധിപ്പിച്ചവർ നിരവധിയാണ്. കേരളത്തിൽ മാത്രമല്ല ലോകത്തിലെ തന്നെ അതിപ്രശസ്തരായ മഹാന്മാർക്ക് അക്ഷരമധുരം നൽകിയതാണ് ഈ വിദ്യാലയം. പത്തനാപുരത്തിന്റെ ഗ്രാമഹൃദയങ്ങളെ സ്പർശിച്ചും പത്തനാപുരത്തിന്റെ സംസ്കൃതിയിൽ മാതൃകാപരമായ സംഭാവനകൾ നൽകിയും സി.എ.എം.എച്ച്.എസ് കൂടുതൽ തിളക്കത്തോടെ പ്രവർത്തിക്കുന്നു. പുനലൂർ രൂപതയിലെ, പത്തനാപുരം സെന്റ് ആൻസ് ദേവാലയത്തിനോടനുബന്ധിച്ചാണ് ഈ സരസ്വതിക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- **വായനയുടെ സംസ്കാരം രൂപപ്പെടുത്തുക**

അന്വേഷണാത്മക പഠനരീതിയിൽ വായനയ്ക്കും വായനശാലകൾക്കും നിർണ്ണായകമായ സ്ഥാനമാണുള്ളത്. ചെറിയ ക്ലാസ്സു മുതൽ വായനാ സംസ്കാരം പ്രോത്സാഹിപ്പിക്കുക. എല്ലാ കുട്ടികൾക്കും വായിക്കാനും എഴുതാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക. വിശകലനാത്മക വായന, വിമർശനാത്മക വായന തുടങ്ങിയ ശേഷികൾ കൈവരിക്കുന്നതിന അവസരങ്ങൾ ഉണ്ടാക്കുക. വിദ്യാലയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരിലും വായനയുടെ സംസ്കാരം വളർത്തിയെടുക്കുക. രക്ഷാകർത്താക്കൾ ഉൾപ്പെടുന്ന പൊതുസമൂഹത്തെയും ഉൾപ്പെടുത്തി വായനയെ ശക്തമായ സാംസ്കാരിക പ്രവർത്തനമായി രൂപപ്പെടുത്തുക.

- **<u>പഠനത്തെയും വിലയിരുത്തലിനെയും കുറിച്ചുള്ള സാധ്യതകൾ</u>**

പഠനത്തെയും വിലയിരുത്തലിനെയും സാങ്കേതികത്വത്തിൽ നിന്നും മോചിപ്പിച്ച് അവരുടെ പരിചിതമായ സാഹചര്യങ്ങളിൽ വച്ചുതന്നെ വിലയിരുത്തുവാനുള്ള മാർഗങ്ങൾ രൂപീകരിക്കും. വിദ്യാർത്ഥികൾ സ്വയം വിലയിരുത്തുന്നതിനോടൊപ്പം അവർ ഉൾപ്പെടുന്ന കുടുംബം, സമൂഹം എന്നിവയും ഇതിൽ ഘടകമായി മാറേണ്ടതുണ്ട്.

- **<u>ഹരിത വിദ്യാലയം</u>**

പാരിസ്ഥിതിക വിഷയങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുകയും അവയെ നേരിടാനും മറികടക്കാനും അവരെ പര്യാപ്തമാക്കുകയും ചെയ്യുന്ന വിദ്യാലയമായി മാറേണ്ടതുണ്ട്.

- **<u>ലിംഗ സമത്വ സുന്ദര വിദ്യാലയം</u>**

ആൺ പെൺ വ്യത്യാസമില്ലാതെ അവസര സമത്വവും ആൺ പെൺ പദവിയും ഉറപ്പുവരുത്തുന്ന വിദ്യാലയമായിരിക്കും ഇത്. ആൺ പെൺ വിവേചനമില്ലാത്തതും അവസര തുല്യത ഉറപ്പാക്കുന്നതുമാണെങ്കിൽ മാത്രമേ കുട്ടികളിൽ അത്തരം ഉയർന്ന സാംസ്കാരിക നില സാംശീകരിക്കുകയുള്ളൂ. ഈ വിദ്യാലയത്തിൽ ആൺ പെൺ സൗഹൃദ സമീപനം എല്ലാ പ്രവർത്തനങ്ങളിലും പ്രതിഫലിപ്പിക്കും.

- **<u>കൈത്താങ്ങാകുന്ന വിദ്യാലയം</u>**

പാർശ്വവത്കരിക്കപ്പെട്ടവരുടെ മക്കളുടെ പഠന പിന്തുണയെ സംബന്ധിച്ച് ഉയർന്ന കാഴ്ചപ്പാട് വച്ചു പുലർത്തുന്ന അധ്യാപകരാണ് ഈ വിദ്യാലയത്തിലുള്ളത്. മുഖ്യധാരയിലേക്ക് അവരെ കൈപിടിച്ചുയർത്തുവാനും പഠനപിന്തുണ നൽകുവാനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ സ്കൂളിൽ നിന്നുണ്ടാകും.

- **<u>പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ കാരുണ്യ വിദ്യാലയം</u>**

  പരിഗണന ആവശ്യമായി വരുന്നവരെ കണ്ടെത്തി അവർക്കു വേണ്ടുന്ന പഠനസഹായങ്ങളും മറ്റും നൽകുന്ന സമീപനമായിരിക്കും വിദ്യാലയത്തിനുള്ളത്. മകനായും മകളായും വിദ്യാർത്ഥികളെ കാണുന്ന അദ്ധ്യാപകർ അവരുടെ മനസ്സിനെക്കൂടികണ്ട് പ്രവർത്തിക്കുന്ന കാരുണ്യ വിദ്യാലയമായി ഈ വിദ്യാലയം പ്രവർത്തിക്കും.

- **<u>വീടാകുന്ന വിദ്യാലയം</u>**

  ശിശുസൗഹൃദം കേന്ദ്രമാക്കിക്കൊണ്ട് വിദ്യാലയത്തിൽ ഭൗതീകാന്തരീക്ഷം ഒരുക്കും.

- **<u>സമൂഹ സൗഹൃദ വിദ്യാലയം</u>**

  അക്കാദമിക പ്രവർത്തനങ്ങളിൽ രക്ഷാകർത്താക്കളുടെ സജീവ പിന്തുണ ഉറപ്പുവരുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളെയാണ് ഈ സ്കൂൾ വിഭാവനം ചെയ്യുന്നത്. രക്ഷാകർത്താക്കൾ ഉൾപ്പെടുന്ന സമൂഹത്തിന്റെ സാധ്യതകൾ ഉൾപ്പെടുത്തിയാവും അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്.

- **<u>അറിവ് നിർമ്മാണ വിദ്യാലയം</u>**

  അറിവ് പകർന്നുകൊടുക്കുന്നതോടൊപ്പം അറിവ് പകരുന്ന അധ്യാപകർക്ക് അറിവ് നിർമ്മിതിക്കുപയുക്തമാകുന്ന നിരവധി ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യുന്ന വിദ്യാലയമായിരിക്കും ഇത്. പുതിയ അറിവുകളെ അധ്യാപകർക്ക് പരിചയപ്പെടുത്തുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാൻ ഈ വിദ്യാലയം ശ്രമിക്കുന്നതാണ്.

- **<u>ഗവേഷണ വിദ്യാലയം</u>**

  നേരിടുന്ന അക്കാദമിക പ്രശ്നങ്ങളെ/തടസ്സങ്ങളെ മറികടക്കാൻ ഗവേഷണാത്മകമായി ഇടപെടുന്ന വിദ്യാലയമായിരിക്കും ഇത്.

## പൊതുലക്ഷ്യങ്ങൾ

- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്യുന്ന വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- സാക്ഷരതാ സമൂഹത്തെ വാർത്തെടുക്കുക.
- കുട്ടിയെ അറിയുക, സമൂഹത്തെ അറിയുക.
- കുട്ടികളുടെ പഠനരീതി, പഠനവേഗത, വൈവിധ്യങ്ങൾ, പരിമിതികൾ ഇവ ശാസ്ത്രീയമായി കണ്ടെത്തുക; ശാക്തീകരിക്കുക.
- കുട്ടികളുടെ ശാരീരിക, മാനസിക, ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുക.
- അധ്യാപകരിൽ ഗവേഷണ മനോഭാവം വളർത്തിയെടുക്കുക.
- പഠനബോധന തന്ത്രങ്ങൾ ആവിഷ്കരിക്കുക.
- ജനാധിപത്യബോധം കുട്ടികളിൽ വളർത്തിയെടുക്കുക.
- ലിംഗസമത്വം ഉറപ്പുവരുത്തുക.
- പാരിസ്ഥിതിക, സാമൂഹിക, മാലിന്യ നിർമ്മാർജ്ജന മനോഭാവം വളർത്തിയെടുക്കുക.
- ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യാപഠന സാധ്യതകൾക്കനുസരിച്ച് ക്ലാസ്മുറികളെ രൂപപ്പെടുത്തുക.
- ജനാധിപത്യ-പരിസ്ഥിതി സൗഹൃദ വിദ്യാഭ്യാസം സാധ്യമാകുന്ന തരത്തിൽ ഭൗതിക പരിസരത്തിലും ക്ലാസ് റൂം ഘടനയിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുക.

- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്നശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രത്തെ വികസിപ്പിക്കുക.
- സമഗ്ര പങ്കാളിത്തത്തോടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റിക്കൊണ്ട് അന്താരാഷ്ട്ര നിലവാരം കൈവരിക്കുക.

## സവിശേഷ ലക്ഷ്യങ്ങൾ / പ്രവർത്തനങ്ങൾ

### i കുട്ടിയെ അറിയുക.

1) **സർവേ**

ഓരോ കുട്ടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ചോദ്യാവലി, ചെക്ക്ലിസ്റ്റ് എന്നിവയുടെ സഹായത്തോടെ സഹപാഠികൾ, രക്ഷാകർത്താക്കൾ മുൻ ക്ലാസ്സദ്ധ്യാപകർ എന്നിവരിൽ നിന്നും ക്ലാസ്ടീച്ചറുടെ ആഭിമുഖ്യത്തിൽ വിവരങ്ങൾ ശേഖരിക്കുന്നു. ഓരോ കുട്ടിയെക്കുറിച്ചും പഠനരേഖ തയ്യാറാക്കുന്നു.

2) **പഠനരീതി നിർണയ ശില്പശാല**

ക്ലാസ്തല, ഏകദിന ശില്പശാലയിൽ വച്ച് വിവിധ ആശയങ്ങൾ വിവിധ ബോധനരീതിയിൽ അവതരിപ്പിച്ച് വിലയിരുത്തൽ നടത്തുന്നു. ഓരോ കുട്ടിക്കും അഭികാമ്യമായ രീതി കണ്ടെത്തുന്നു. എല്ലാവരെയും പരിഗണിക്കുന്നതിന ഉതകുന്ന പഠന ബോധന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നു.

3) <u>ആരോഗ്യ പരിശോധനാ ക്യാമ്പ്</u>

പൂർവ്വ വിദ്യാർത്ഥി സംഘടനകളുടെ ആഭിമുഖ്യത്തിൽ അവധിക്കാലത്ത് ആരോഗ്യ പരിശോധനാ ക്യാമ്പ് സംഘടിപ്പിക്കുന്നു. കുട്ടികളുടെ ശാരീരിക ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുന്നു; പഠനരേഖ തയ്യാറാക്കുന്നു.

## ii <u>അധ്യാപകരിൽ ഗവേഷണ മനോഭാവം വളർത്തിയെടുക്കുക.</u>

- പുസ്തക പ്രസിദ്ധീകരണം - അധ്യാപകർ അവരവരുടെ വിഷയങ്ങളുമായും പഠനബോധനവുമായും ബന്ധപ്പെട്ട പുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പുകൾ തയ്യാറാക്കുന്നു. ഇവ ഉൾപ്പെടുത്തി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു.
- എല്ലാ ആഴ്ചാവസാനവും സബ്ജക്ട് കൗൺസിൽ അതത് കൺവീനർമാരുടെ നേതൃത്വത്തിൽ ചേരുന്നു. ഓരോ കൗൺസിലിലേക്കുമുള്ള അജണ്ട മുൻകൂട്ടി തീരുമാനിക്കും.
- ആക്ഷൻ റിസർച്ച് - മൈനർ ക്ലാസിലെ ബോധനം എന്ന വിഷയത്തിൽ നാലോ വിഷയാധ്യാപകർ ആക്ഷൻ റിസർച്ച് നടത്തുന്നു.

## iii ജനാധിപത്യബോധം കുട്ടികളിൽ വളർത്തിയെടുക്കുക

- <u>ക്ലാസ് ഭരണഘടന നിർമ്മാണം.</u>

കുട്ടികളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ക്ലാസ്തല ഭരണഘടന നിർമ്മിക്കുന്നു. പൊതു അംഗീകാരത്തോടെ നിയമാവലി പ്രസിദ്ധീകരിക്കുന്നു. ഭരണ നിർവ്വഹണത്തിനുള്ള വിവിധ വകുപ്പുകൾ, ചുമതലകൾ എന്നിവ തീരുമാനിക്കുന്നു. നീതി നിർവ്വഹണ ചർച്ച സംഘടിപ്പിക്കുന്നു. ഇടവേളകളിൽ വേണ്ട ക്രമീകരണങ്ങൾ നടത്തുന്നു.

- **<u>സ്കൂൾ ഭരണകൂടം</u>**

ഇന്ത്യൻ ഭരണകൂട സംവിധാനത്തിന്റെ മാതൃകയിൽ കുട്ടികളുടേതായ സ്കൂൾ ഭരണകൂടം രൂപീകരിക്കുന്നു. പൊതു ജനാരോഗ്യം, ശുദ്ധജലവിതരണം ആഭ്യന്തരം, വാർത്താവിനിമയം, കായികം, കലാസാംസ്കാരം, വനിതാക്ഷേമം, തൊഴിൽ, കൃഷി, ശുചീകരണം, നീതിന്യായം, ടൂറിസം, വൈദ്യുതി വിതരണം, ഗതാഗതം, മാനവവിഭവം തുടങ്ങിയ വകുപ്പുകൾ ഉൾപ്പെടുത്തി കുട്ടികളുടെ മന്ത്രിസഭയും എക്സിക്യൂട്ടീവും ജുഡീഷ്യറിയും എല്ലാ വർഷവും ജൂലൈയിൽ തന്നെ പി.ടി.എ യുടെ പിന്തുണയോടെ SRG കൺവീനറുടെ നേതൃത്വത്തിൽ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നു. മന്ത്രി സഭായോഗം എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് ചേരും.

## iv <u>ലിംഗ സമത്വം ഉറപ്പുവരുത്തുക.</u>

- **<u>ലിംഗ സമത്വ നയരേഖ രൂപീകരണ ശില്പശാല</u>**

ആൺ പെൺ പദവിയും തുല്യതയും സംബന്ധിച്ച് ഉയർന്ന ധാരണയുടെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുന്നതിനും പെരുമാറുന്നതിനുമുള്ള മനോഭാവം ഈ വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികളിലും അധ്യാപകരിലും വികസിപ്പിക്കുന്നതിനുള്ള നയരേഖ വിദഗ്ദ്ധരുടെ സഹായത്തോടെ തയ്യാറാക്കും. അതിനായി ഏപ്രിൽമാസം ശില്പശാല സംഘടിപ്പിക്കും. മലയാള അധ്യാപകർ നേതൃത്വം നൽകുന്ന ഈ പ്രവർത്തനങ്ങളുടെ നയരേഖ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കും.

- **ഗേൾസ് ക്ലബ്ബ് രൂപീകരണം.**

  എല്ലാ പെൺകുട്ടികൾക്കും ആത്മവിശ്വാസവും പ്രതികരണശേഷിയും അറിവിന്റെ കരുത്തും വിമർശനാവബോധവും വിശകലനശേഷിയും ഉറപ്പാക്കാൻ ഉതകുന്ന വിധത്തിൽ ഗേൾസ് ക്ലബ്ബ് സ്കൂളിൽ രൂപീകരിക്കും. ഓരോ വർഷവും ക്ലബ്ബിൽ ആവശ്യമായ മാറ്റം വരുത്തി ക്രമീകരിക്കും.

- **ലിംഗ സമത്വ സമിതി**

  ആൺ പെൺ വിവേചനമില്ലാതാക്കുന്നതിനും അവസരതുല്യത ഉറപ്പാക്കുന്നതിനും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന സമിതിയാണിത്. ലിംഗ വിവേചനപരമായ പ്രവർത്തനങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ മാർഗരേഖ നൽകുന്നത് ഈ സമിതി ആയിരിക്കും.

## പരിമിതികൾ വെല്ലുവിളികൾ

- നൂതന പഠനപ്രക്രിയയെ അഭിമുഖീകരിക്കാൻ കഴിയുംവിധം സ്കൂൾ പഠനാന്തരീക്ഷത്തെയും പഠനപരിസരത്തെയും മാറ്റിയെടുക്കൽ.
- അന്താരാഷ്ട്ര നിലവാരത്തിലേക്ക് സ്കൂളിനെ മാറ്റിയെടുക്കുക എന്ന വെല്ലുവിളി ഏറ്റെടുക്കുന്നതിന അധ്യാപക സമൂഹത്തെ പരിവർത്തിപ്പിക്കൽ.
- രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ.
- വിദ്യാലയ വികസന മാർഗരേഖയ്ക്ക് അനുയോജ്യമായി വിദ്യാഭ്യാസസംവിധാനത്തിന്റെയും ഭരണനിർവഹണ ഘടകങ്ങളുടെയും മനോഭാവം മാറ്റിയെടുക്കൽ, പുത്തൻ കടമാബോധം സ്വാംശീകരിക്കൽ.

- കുട്ടികളുടെ സർവ്വതോമുഖമായ വികാസത്തിനു വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന മുതൽക്കൂട്ടാക്കൽ.
- കുട്ടികളുടെ അമിതമായ പഠനഭാരവും അധ്യാപകരുടെ അധികമായ ജോലിഭാരവും.
- സാമ്പത്തിക പിന്നാക്കാവസ്ഥ നേരിടുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ, രക്ഷിതാക്കൾ അകന്നു കഴിയുന്നവരുടെ കുട്ടികൾ, ലഹരി മരുന്നിന്റെ അമിതമായ ഉപയോഗമുള്ള പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾ.
- സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിക്കൽ.
- കുട്ടികളുടെ പഠനത്തെക്കുറിച്ച് ബോധവാന്മാരല്ലാത്ത രക്ഷിതാക്കൾ.

# ഹ്രസ്വകാല പദ്ധതികൾ

| നമ്പർ | മേഖല | ഉപമേഖല | പ്രവർത്തനം |
|---|---|---|---|
| 1 | അക്കാദമികം | പഠനശേഷി ഉറപ്പാക്കൽ | പാഠഭാഗത്തെ ഓരോ യൂണിറ്റിലെയും പഠനശേഷികൾ അച്ചടിച്ച് അതത് യൂണിറ്റ് പ്രവർത്തനത്തിനു മുമ്പായി രക്ഷിതാക്കൾക്ക് നൽകുക. യൂണിറ്റ് പൂർത്തിയാക്കിയ ശേഷം പഠനനേട്ടം കുട്ടി കൈവരിച്ചിട്ടുണ്ടോ എന്നറിയുന്നതിനായി ചെക്ക്ലിസ്റ്റ് തയ്യാറാക്കി രക്ഷിതാക്കൾക്ക് നൽകുക. |
| 2 | അക്കാദമികം | മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, അടിസ്ഥാന ശാസ്ത്രം. | ക്ലാസ് ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങൽ |
| 3 | അക്കാദമികം | മലയാളം<br>കവിതാരചന, കഥാരചന, ഉപന്യാസരചന എന്നിവയ്ക്കുള്ള ശില്പശാല സംഘടിപ്പിക്കൽ. | വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനോദ്ഘാടനം |
| 4 | അക്കാദമികം | മലയാളം, ഇംഗ്ലീഷ്, ഹിന്ദി | വായനമൂലകൾ ഒരുക്കുക. |
| 5 | അക്കാദമികം | മലയാളം, ഇംഗ്ലീഷ്, ഹിന്ദി | സവിശേഷ വൈഭവമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. |
| 6 | അക്കാദമികം | ഇംഗ്ലീഷ് | ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. |
| 7 | അക്കാദമികം | ഗണിതം | ഗണിതക്ലബ് രൂപീകരണം, വിദഗ്ദരുടെ ക്ലാസ്, പ്രദർശനം |
| 8 | അക്കാദമികം | കൃഷി, ജൈവ വൈവിധ്യം | ഔഷധത്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവയിലെ ജലസേചനം. |

| നമ്പർ | മേഖല | ഉപമേഖല | പ്രവർത്തനം |
|---|---|---|---|
| 9 | അക്കാദമികം | കായികം | കായിക പരിശീലനത്തിന ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ. |
| 10 | അക്കാദമികം | കല, പ്രവൃത്തിപരിചയം | കല, സാഹിത്യം ഇവ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യ-മായ ഉപകരണങ്ങൾ, സാധനങ്ങൾ ഇവ വാങ്ങൽ. |
| 11 | അക്കാദമികം | കല/കായികം/പ്രവൃത്തി പരിചയം | സ്കൂൾതല കായികമേള, പ്രവൃത്തി പരിചയമേള എന്നിവ സംഘടിപ്പിക്കുക. |
| 12 | അക്കാദമികം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | ക്ലബ്ബ് രൂപീകരണം, ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ബോധവൽക്കരണക്ലാസ്, മദ്യം, മയക്കുമരുന്ന്, പുകവലി തുടങ്ങിയവയുടെ ദൂഷ്യഫലങ്ങൾ ബോധ്യമാക്കുന്ന ക്ലാസ് നടത്തുക. |
| 13 | അക്കാദമികം | അടിസ്ഥാനശാസ്ത്രം | സയൻസ് ക്ലബ്ബുകളുടെ രൂപീകരണം, ദിനാചരണങ്ങൾ സംഘടിപ്പിക്കുക |
| 14 | അക്കാദമികം | അടിസ്ഥാനശാസ്ത്രം | പഠനയാത്ര/പ്ലാനിറ്റേറിയം, തുമ്പ റോക്കറ്റ് വിക്ഷേപണകേന്ദ്രം, കുസാറ്റ് സന്ദർശനം |
| 15 | അക്കാദമികം | സാമൂഹ്യശാസ്ത്രം | പഠനയാത്ര, ചരിത്രപ്രസിദ്ധവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകളുള്ള സ്ഥലങ്ങൾ സന്ദർശിക്കുക. |
| 16 | അക്കാദമികം | സാമൂഹ്യശാസ്ത്രം | ഭൂപടവായന പ്രോത്സാഹിപ്പിക്കുക, ഭൂപടങ്ങൾ, ഗ്ലോബ്, അറ്റ്ലസ് തുടങ്ങിയവ നോക്കി സ്ഥലം തിരിച്ചറിയുക. |
| 17 | അക്കാദമികം | ഇംഗ്ലീഷ് | ഇംഗ്ലീഷ് സ്പീക്കിംഗ് ഡേ സംഘടിപ്പിക്കുന്നു. |
| 18 | അക്കാദമികം | മലയാളം, ഇംഗ്ലീഷ് | തിരക്കഥാ ശില്പശാല, തിരക്കഥാ രചന |
| 19 | അക്കാദമികം | മലയാളം | ഫിലിം ക്ലബ്ബ് രൂപീകരണം |

# മധ്യകാല പദ്ധതികൾ

| നമ്പർ | മേഖല | ഉപമേഖല | പ്രവർത്തനം |
|---|---|---|---|
| 1 | അക്കാദമികം | പഠനശേഷി ഉറപ്പാക്കൽ | മാസാവസാനം ക്ലാസ്പരീക്ഷ നടത്തുന്നു. പഠനവിടവുകൾ കണ്ടെത്തുന്നു. പഠനപോഷണ തന്ത്രങ്ങൾ രൂപപ്പെടുത്തുന്നു.<br>ക്ലാസ്. പി.റ്റി.എ യിൽ കുട്ടികൾ നേടിയ പഠനശേഷികൾ വിലയിരുത്തുക. പഠനമികവുകൾ പ്രദർശിപ്പിക്കുക. |
| 2 | അക്കാദമികം | മലയാളം, ഇംഗ്ലീഷ്, അടിസ്ഥാനശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഹിന്ദി | ക്ലാസ് വായനമൂല: ലൈബ്രറി തുടങ്ങിയവയിൽ പത്രം, മാസികകൾ, ആവശ്യമായ പുസ്തകങ്ങൾ എന്നിവയുടെ ക്രമീകരണം. |
| 3 | അക്കാദമികം | ഇംഗ്ലീഷ് | ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുക. |
| 4 | അക്കാദമികം | ഗണിതം/സാമൂഹ്യശാസ്ത്രം, പ്രവൃത്തിപരിചയം | മേളകളിലെ ഇനങ്ങളുടെ പരിശീലനം |
| 5 | അക്കാദമികം | കൃഷി, ജൈവവൈവിധ്യം | കൃഷിചെയ്യുക, ജൈവവൈവിധ്യ പാർക്ക്, ഔഷധത്തോട്ട നിർമ്മാണം |
| 6 | അക്കാദമികം | പ്ലാസ്റ്റിക്മുക്ത പരിസരം | ആഴ്ചയിൽ ഒരിക്കൽ ഡ്രൈ ഡേ ആചരണം.<br>പ്ലാസ്റ്റിക് മാലിന്യ ശേഖരണം |
| 7 | അക്കാദമികം | സാമൂഹ്യശാസ്ത്രം | സെമിനാർ, അഭിമുഖം, സംവാദം സംഘടിപ്പിക്കുക.<br>വിഷയബന്ധിതമായി സർവ്വേ നടത്തുക.<br>പഠനയാത്രാക്കുറിപ്പ്, വിവരണങ്ങൾ തയ്യാറാക്കൽ |
| 8 | അക്കാദമികം | മലയാളം | ഹ്രസ്വ ചലച്ചിത്ര നിർമ്മാണം, പ്രദർശനം |
| 9 | അക്കാദമികം | ഹിന്ദി | ആഴ്ചയുടെ എണ്ണം, പേരുകൾ എന്നിവ പരിചയപ്പെടുത്തുന്ന ഫ്ളോചാർട്ട് നിർമ്മാണം. ക്ലാസ്സിലെ കുട്ടികളുടെ ജനനത്തിയതി ഹിന്ദിയിലെഴുതിയ ചാർട്ട് നിർമ്മാണം.പഠനസൂത്രൻ. പ്രശ്നോത്തരി തയ്യാറാക്കൽ. ഡയറിക്കുറിപ്പെഴുതാനുള്ള പരിശീലനം, വിലയിരുത്തൽ, ചിത്രവായന, ചെറുകവിതകളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ. |

# ദീർഘകാല പദ്ധതികൾ

| നമ്പർ | മേഖല | ഉപമേഖല | പ്രവർത്തനം |
|---|---|---|---|
| 1 | അക്കാദമികം | പഠനശേഷി ഉറപ്പാക്കൽ | നിരന്തര മൂല്യ നിർണ്ണയം, പഠനവിടവ് കണ്ടെത്തൽ, പരിഹാര ബോധനം. മികവ് പ്രദർശനം |
| 2 | അക്കാദമികം | മലയാളം | വായനയിൽ നിന്ന് രചനയിലേക്ക് |
| 3 | അക്കാദമികം | മലയാളം | ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ |
| 4 | അക്കാദമികം | ഇംഗ്ലീഷ് | നിരന്തര മൂല്യനിർണ്ണയം, മെച്ചപ്പെടുത്തൽ<br>പത്രവായന, ഡയറി എഴുത്ത്, ലൈബ്രറി ഉപയോഗം, പതിപ്പ് തയ്യാറാക്കൽ |
| 5 | അക്കാദമികം | ഗണിതം | ഗണിത കേളികളിലൂടെ ഗണിത നിലവാരം അളക്കുക, മെച്ചപ്പെടുത്തുക. |
| 6 | അക്കാദമികം | സാമൂഹ്യശാസ്ത്രം | പഠന സാമഗ്രികളുടെ നിർമ്മാണം, പതിപ്പ്, ആൽബം എന്നിവ തയ്യാറാക്കൽ, ക്ലബ്ബ് പ്രവർത്തനങ്ങൾ, പഠനശേഷി ഉറപ്പാക്കൽ, സർവ്വേ നടപ്പാക്കൽ, സാമൂഹ്യ ബോധവത്കരണ വിവരശേഖരണം |
| 7 | അക്കാദമികം | കല, പ്രവൃത്തി പരിചയം | വിദ്യാർത്ഥികളുടെ പരിശീലന ക്ലാസ്സുകൾ , ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള പരിശീലനം, ഉപകരണ സംഗീതം പഠിപ്പിക്കുക, വിദ്യാർത്ഥികളുടെ കലാപഠനം. നിർമ്മാണം എന്നിവ ഉപയോഗപ്പെടുത്തൽ |
| 8 | അക്കാദമികം | ഐ.ടി | കുട്ടിക്കൂട്ടത്തിന്റെ സഹായത്തോടെ ഹാർഡ് വെയർ, സോഫ്റ്റ് വെയർ പരിചയപ്പെടുത്തുക.<br>മലയാളം ടൈപ്പിംഗ്, അനിമേഷൻ എന്നിവയ്ക്കുള്ള പരിശീലനം |
| 9 | അക്കാദമികം | കായികം | കായികമേളയ്ക്കുവേണ്ടിയുള്ള പരിശീലനം, വോളിബോൾ, കബഡി തുടങ്ങിയ വ്യക്തിഗത ഇനങ്ങൾക്കുള്ള പരിശീലനം |
| 10 | അക്കാദമികം | എല്ലാ വിഷയങ്ങളും | പിന്നാക്കാവസ്ഥയിൽ നിൽക്കുന്നവർക്കു വേണ്ടിയുള്ള പരിശീലനം. ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പഠനാസൂത്രണം നടപ്പിലാക്കൽ. |

# മേഖല - അക്കാദമികം

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| സ്വതന്ത്ര വായന<br>• എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക.<br>• വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിനും പുസ്തക ചർച്ചകൾ നടത്തുന്നതിനും അവസരം സൃഷ്ടിക്കുക.<br>• ക്ലാസ് ലൈബ്രറികൾ യാഥാർത്ഥ്യമാക്കുക.<br>• വ്യത്യസ്ത തലങ്ങളിലൂടെ വായന നടത്താനുള്ള കഴിവ് നേടുക.<br>• ഭാഷാപരമായ കഴിവ് വളർത്തുക.<br>• പ്രാദേശികമായി വായനാ സാമഗ്രികൾ രൂപപ്പെടുത്തുക. | • **എല്ലാവർക്കും വായനാഡയറി** വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കുന്നതിനായി എല്ലാ കുട്ടികൾക്കും ഒരു ഡയറി ഉറപ്പാക്കുന്നു. എല്ലാ മെച്ചപ്പെട്ട ഡയറി സ്കൂൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നു. | എല്ലാ മാസത്തിലെയും അവസാനത്തെ വെള്ളിയാഴ്ച ഡയറിയുടെ ക്ലാസ് തല പ്രദർശനം | ഭാഷാധ്യാപകർ വിദ്യാരംഗം കലാസാഹിത്യ വേദി | പൂർവ്വ വിദ്യാർത്ഥികൾ പി.ടി.എ എസ്.എസ്.എ |
| | • **ക്ലാസ് ലൈബ്രറിയും ആനുകാലിക പുസ്തകങ്ങളുടെ ഡിസ്പ്ലേയും** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ/ ഫോട്ടോകോപ്പികൾ ക്ലാസ് ലൈബ്രറിയിലെ പുസ്തക ഡിസ്പ്ലേ ബോർഡിൽ പ്രദർശിപ്പിക്കും. | ഒരു വർഷം | ക്ലാസ് അധ്യാപകർ ഭാഷാധ്യാപകർ പി.ടി.എ | പൂർവ്വ വിദ്യാർത്ഥികൾ പി.ടി.എ എസ്.എസ്.എ |
| | • **വായന** വാരാന്ത്യ പുസ്തകചർച്ച സംഘടിപ്പിക്കുന്നു. | എല്ലാ വെള്ളിയാഴ്ചയും ലൈബ്രറിയിൽ വച്ച് ചർച്ച നടത്തുന്നു. | വിദ്യാരംഗം കലാസാഹിത്യ വേദി | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| • വിജ്ഞാന വിപുലീകരണ വായനയിലും സർഗാത്മക വായനയിലും ഒരുപോലെ താല്പര്യം വളർത്തുക.<br>• വായനാ പരിപോഷണം | • വീട്ടിൽ ഒരു ലൈബ്രറി | ജൂലൈ 1 മുതൽ ഫെബ്രുവരി 28 വരെ | ഭാഷാധ്യാപകർ പി.ടി.എ | പൂർവ്വ വിദ്യാർത്ഥികൾ പി.ടി.എ. എസ്.എസ്.എ |
| | വർക്ക് ഷോപ്പ്:- കഥ, ചെറുകഥ, കവിത, നോവൽ നിരൂപണം, വർണന എന്നിവ ഉൾപ്പെടുത്തി സർഗസംഗമം വർക്ക്ഷോപ്പ് | ജൂൺ 19 മുതൽ ജൂൺ 30 വരെ | ഭാഷാധ്യാപകർ വിദ്യാരംഗം കലാസാഹിത്യ വേദി | പി.ടി.എ |
| • സർഗാത്മകത വളർത്തുന്ന പരിപാടികൾ | • Feedback മോണിറ്ററിംഗ്, അവലോകനം | ജൂൺ 19 മുതൽ ഫെബ്രുവരി 28 വരെ | ഭാഷാധ്യാപകർ പി.ടി.എ | പൂർവ്വ വിദ്യാർത്ഥികൾ പി.ടി.എ. എസ്.എസ്.എ |
| • ആത്മവിശ്വാസം വർദ്ധിപ്പിക്കൽ | • പാഠഭാഗവുമായി ബന്ധിപ്പിക്കുന്ന പുസ്തകശേഖരം കണ്ടെത്തൽ | ഓഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 30 വരെ | ഭാഷാധ്യാപകർ | പി.ടി.എ, എസ്.ആർ.ജി |
| | • മികച്ച പുസ്തകാസ്വാദനക്കുറിപ്പ് - സമ്മാനം | ഫെബ്രുവരി 28 | ഭാഷാധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമഗ്രികൾ/വിഭവങ്ങൾ |
|---|---|---|---|---|
| ❖ **ഭാഷാശേഷി വികസനം**<br>• എഴുത്തും വായനയും അറിയൽ; പ്രകടിപ്പിക്കൽ | • പ്രശ്നം<br>• മലയാളത്തിളക്കം | ജൂൺ 1 മുതൽ ആഗസ്റ്റ് 15 വരെ | ഭാഷാധ്യാപകർ | പി.ടി.എ, ഡയറ്റ്, SSA, AEO, DEO |
| • തിരക്കഥ രചനയുടെ തന്ത്രങ്ങൾ അറിയുന്നതിന് | • ഫിലിംക്ലബ്ബ് രൂപീകരണം<br>• തിരക്കഥാ രചന ശില്പശാല | ജൂൺ മുതൽ ജനുവരി വരെ എല്ലാദിനം | ഭാഷാധ്യാപകർ<br>ഭാഷാധ്യാപകർ<br>വിദ്യാരംഗം കലാസാഹിത്യവേദി | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>പി.ടി.എ |
| • തിരക്കഥ രചിക്കുന്നതിന് | • തിരക്കഥാ രചന | – | ഭാഷാധ്യാപകർ | പി.ടി.എ |
| • സിനിമയുടെ സാങ്കേതികത്വം മനസ്സിലാക്കുന്നതിന് | • ഹ്രസ്വചിത്ര നിർമ്മാണം പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തൽ | ഒരു മാസം | ഭാഷാധ്യാപകർ<br>വിദ്യാരംഗം കലാസാഹിത്യവേദി | പൂർവ്വ വിദ്യാർത്ഥികൾ<br>പി.ടി.എ |
| • ഹ്രസ്വചിത്രം നിർമ്മിക്കുന്നതിന് | • ചിത്രപ്രദർശനം | എല്ലാദിനം | ഭാഷാധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ |
| • കഥകളിയെക്കുറിച്ച് മനസ്സിലാക്കുന്നതിന് കഥകളി ആസ്വാദനം തയ്യാറാക്കുന്നതിന് | • കഥകളി അവതരണം<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തൽ | എല്ലാദിനം | ഭാഷാധ്യാപകർ<br>വിദ്യാരംഗം കലാസാഹിത്യവേദി | പൂർവ്വ വിദ്യാർത്ഥികൾ<br>പി.ടി.എ |
| • പാഠഭാഗങ്ങളിലെ അറിവുകൾ നേരിട്ട് കാണാനും അറിയാനുമുള്ള അവസരം | • പഠനയാത്ര<br>• യാത്രാ വിവരണം തയ്യാറാക്കൽ | 2 മുതൽ 3 ദിവസം വരെ | ഭാഷാധ്യാപകർ<br>വിദ്യാരംഗം കലാസാഹിത്യവേദി | പൂർവ്വ വിദ്യാർത്ഥികൾ<br>പി.ടി.എ |
| • ഉച്ചാരണ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് | • ഭാഷാലാബ് സജ്ജമാക്കൽ | 6 മാസം | ഭാഷാധ്യാപകർ<br>പ്രധാനാധ്യാപകൻ | പൂർവ്വ വിദ്യാർത്ഥികൾ<br>പി.ടി.എ |

## മേഖല - അക്കാദമികം

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/പിന്തുണ |
|---|---|---|---|---|
| • മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ഭാഷയിൽ ഉയർന്നശേഷി കൈവരിക്കാനാവശ്യമായ രീതി ശാസ്ത്രത്തെ വികസിപ്പിക്കുക.<br>• കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.<br>• ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.<br>• മികച്ച വായനശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക | • **കുട്ടിയെ അറിയുക** ഇംഗ്ലീഷ് ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഫ്ലാഷ് കാർഡ്, പിക്ചർ കാർഡ്. സ്റ്റോറി ബുക്ക് എന്നിവയിലൂടെ ഇംഗ്ലീഷ് ഭാഷാ താല്പര്യം വളർത്തുന്നു. | 3 മാസം ജൂൺ മുതൽ ആഗസ്റ്റ് വരെ | ഇംഗ്ലീഷ് അധ്യാപകൻ | പി.ടി.എ |
| | • **സ്പോക്കൺ ഇംഗ്ലീഷ്** ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കാനുള്ള കഴിവ് വികസിപ്പിക്കുന്നതിന നേഴ്സറി റൈംസ്, കഥകൾ, പ്രസംഗങ്ങൾ, ഷോർട്ട് പ്ലേ എന്നിവ കുട്ടികളെ പരിചയപ്പെടുത്തുന്നു. | ഒരു വർഷം | ഇംഗ്ലീഷ് അധ്യാപകൻ | പി.ടി.എ, എം.പി.ടി.എ |
| | • ന്യൂസ്പേപ്പർ വായിക്കുന്നതിനുള്ള സമയം കണ്ടെത്തുന്നു.<br>• ഇംഗ്ലീഷ് സ്പീക്കിംഗ് ഡേ | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/പിന്തുണ |
|---|---|---|---|---|
| • ഇംഗ്ലീഷ് ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും വായിക്കാനും ആവിഷ്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | • വാർത്താപത്രിക നിർമാണം | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപകൻ | പി.ടി.എ |
| | • സ്കൂൾ അസംബ്ലി ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്നു. | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് അധ്യാപകൻ | പി.ടി.എ |
| • ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ IT സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക | • ലാംഗ്വേജ് ലാബ്<br>• സ്മാർട്ട് റൂം.<br>• ഇംഗ്ലീഷ് ടെസ്റ്റ് സംഘടിപ്പിക്കുന്നു | ഒരു വർഷം<br><br>6 മാസം | ഇംഗ്ലീഷ് അധ്യാപകർ<br>ഇംഗ്ലീഷ് അധ്യാപകൻ | പി.ടി.എ<br><br>പി.ടി.എ |
| • ഇംഗ്ലീഷ് ഭാഷാധ്യാപകരെ ശാക്തീകരിക്കുക.<br>• ഇംഗ്ലീഷ് ഭാഷാ സാഹിത്യത്തിലും സംസ്കാരത്തിലും ആസ്വാദനം വളർത്തുക.<br><br>• ക്ലാസ്സ് ലൈബ്രറികൾ യാഥാർത്ഥ്യമാക്കുക. | • ഏറ്റവും പുതിയ പുസ്തകങ്ങൾ ശേഖരിച്ച് കുട്ടികളെ പരിചയപ്പെടുത്തുന്നു. | നിരന്തര പ്രവർത്തനം | ഇംഗ്ലീഷ് അധ്യാപകൻ | പി.ടി.എ |
| | • പുതിയ പുസ്തകങ്ങളെക്കുറിച്ച് വായനക്കുറിപ്പുകൾ തയ്യാറാക്കുന്നു. | നിരന്തര പ്രവർത്തനം | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | • പഴയതും പുതിയതുമായ ഇംഗ്ലീഷ് ഭാഷയിലെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ഒരു വർഷം | ഇംഗ്ലീഷ് അധ്യാപകൻ | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/പിന്തുണ |
|---|---|---|---|---|
| • വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിനും പുസ്തക ചർച്ചകൾ നടത്തുന്നതിനും അവസരം സൃഷ്ടിക്കുക. | • സെമിനാർ | ജൂൺ നവംബർ | ഇംഗ്ലീഷ് അദ്ധ്യാപകർ | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ |
| | • ഷോർട്ട് ഫിലിം ഷോകൾ പാഠഭാഗവുമായി ബന്ധപ്പെടുത്തി | ഫെബ്രുവരി ഡിസംബർ | ഇംഗ്ലീഷ് അദ്ധ്യാപകർ | പി.ടി.എ ചിൽഡ്രൻസ് ഫിലിം സൊസൈറ്റി |

## മേഖല - അക്കാദമികം

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| • മാതൃഭാഷയ്ക്കൊപ്പം ഹിന്ദി ഭാഷയിലും ഉയർന്നശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക. | • ഹിന്ദി ഗ്രന്ഥശാല ഹിന്ദി പുസ്തകങ്ങൾ സമാഹരിക്കുക, ഭാഷാ വ്യവഹാരങ്ങൾ സ്വന്തമായി വായിക്കുന്നതിനുള്ള സൗകര്യം സൃഷ്ടിക്കുക. | 1 വർഷം | ഹിന്ദി അദ്ധ്യാപകർ | പി.ടി.എ |
| • ഹിന്ദി ഭാഷാ പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും ശേഷികളിലും പിന്നിലുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക. | • ഹിന്ദി ഫെസ്റ്റ് സംഘടിപ്പിക്കുക. | 6 മാസം | ഹിന്ദി അദ്ധ്യാപകർ | പി.ടി.എ |
| | • ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക. | മാസത്തിൽ ഒരു ദിനം | ഹിന്ദി അദ്ധ്യാപകർ | പി.ടി.എ |
| • ഹിന്ദി ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്കരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | • ഹിന്ദി കൈയ്യെഴുത്ത് മാസിക നിർമാണം | ഒക്ടോബർ | ഹിന്ദി അദ്ധ്യാപകർ | പി.ടി.എ |
| • ഹിന്ദി ഭാഷാ പഠനത്തിൽ IT സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക. | • ഹിന്ദി ഡോക്യുമെന്ററിയുടെ പ്രദർശനം, ഹിന്ദി സിനിമ പാഠഭാഗവുമായി ബന്ധപ്പെടുത്തി പ്രദർശിപ്പിക്കൽ.<br>പഠനയാത്ര-ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് യാത്ര നടത്തുക. | നിരന്തര പ്രവർത്തനം<br>നവംബർ | ഹിന്ദി അദ്ധ്യാപകർ<br>ഹിന്ദി അദ്ധ്യാപകർ | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ<br>പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ |

## മേഖല - അക്കാദമികം

## ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ** കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ❖ ലാബ് പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | ❖ പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | ❖ ക്ലാസ്സുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്**:- നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ❖ ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതു വേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | ❖ വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം । തുടരണ | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് | |
| | ❖ ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം । തുടരണ | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| 3) ഹൈടെക് [illegible] സാങ്കേതികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം, സയൻസ് ലാബ്, ഐ.ടി ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി.ടി.എ. മാനേജ്മെന്റ് |
| 4) <u>ആയുർവ്വേദം</u>:- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | പി.ടി.എ. മാനേജ്മെന്റ് |
| 5) <u>വൈജ്ഞാനിക [illegible] സ്വരൂപണം</u> അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, അറിവ് നേടൽ | ❖ തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ. ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ് ഹരിതസേന സീഡ് |
| | ❖ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | ❖ പുത്തൻ പുത്തൻ സാങ്കേതിക വിദ്യയും പുതിയ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | ❖ സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ❖ ശാസ്ത്രജ്ഞന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

## മേഖല - അക്കാദമികം

## ഊർജ്ജതന്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/പിന്തുണ |
|---|---|---|---|---|
| ➢ ഊർജ്ജതന്ത്ര പഠനത്തിൽ ഐ.ടി സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക. | ➢ സയൻസ് ബ്ലോഗ് നിർമ്മാണം | ഒരു മാസം | ഊർജ്ജതന്ത്ര അധ്യാപകർ | പി.ടി.എ<br>എം.പി.ടി.എ<br>സമൂഹം<br>പൂർവ്വ വിദ്യാർത്ഥികൾ |
| ➢ ഊർജ്ജതന്ത്ര പഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക. | ➢ ക്ലാസ്സ്റൂം ലാബ് പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ക്ലാസ് റൂമിൽ വച്ചുതന്നെ നടത്തുന്നു. | ഒരു വർഷം | ഊർജ്ജതന്ത്ര അധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ<br>സമൂഹം<br>എം.പി.ടി.എ<br>പി.ടി.എ |
| ➢ ഊർജ്ജതന്ത്ര പഠനശേഷി വികസിപ്പിക്കുക. | ➢ ISRO സന്ദർശനം, പഠന യാത്ര, റോക്കറ്റ് വിക്ഷേപണത്തിന് ഊർജ്ജതന്ത്രത്തിന്റെ സഹായം മനസ്സിലാക്കുന്നതിനായുള്ള യാത്ര. | ജനുവരി | ഊർജ്ജതന്ത്ര അധ്യാപകർ | പി.ടി.എ |
| ➢ ഊർജ്ജതന്ത്ര അധ്യാപക ശാക്തീകരണം | ➢ ശാസ്ത്രാവബോധം കുട്ടികൾക്ക്-സെമിനാർ ശാസ്ത്രജ്ഞർ നയിക്കുന്ന ക്ലാസ്സ് | ജൂലൈ | ഊർജ്ജതന്ത്ര അധ്യാപകർ | പി.ടി.എ |

## മേഖല - അക്കാദമികം

### രസതന്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/പിന്തുണ |
|---|---|---|---|---|
| ➢ രസതന്ത്ര പഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പിന്നിലായുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക. | ➢ ഏകദിന സെമിനാറുകൾ-പരിശീലനങ്ങൾ പാഠഭാഗവുമായി ബന്ധപ്പെടുത്തുന്നു. | നിരന്തര പ്രവർത്തനം | രസതന്ത്ര അധ്യാപകർ | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ |
| ➢ രസതന്ത്ര പഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക. | ➢ എക്സിബിഷൻ പാഠഭാഗവുമായി ബന്ധപ്പെടുത്തുന്നു. | ആഗസ്റ്റ് | രസതന്ത്ര അധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ |
| ➢ രസതന്ത്ര പഠനശേഷി വികസിപ്പിക്കുക. രസതന്ത്ര അധ്യാപക ശാക്തീകരണം | ➢ പ്രോജക്ട് തയ്യാറാക്കൽ പ്രാദേശികമായി ജല സ്രോതസ്സുകൾ എങ്ങനെ മലിനമാക്കപ്പെടുന്നുവെന്നും അതിൽ ഉൾപ്പെടുന്ന ഘടകങ്ങളെ തിരിച്ചറിയുന്നതിനും | ഒരു വർഷം | രസതന്ത്ര അധ്യാപകർ | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ |
| ➢ രസതന്ത്ര മേഖലയിൽ കൂടുതൽ അറിവുകൾ സമ്പാദിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും. | ➢ ശാസ്ത്രജ്ഞരുമായി അഭിമുഖം | ഏകദിനം | രസതന്ത്ര അധ്യാപകർ | പി.ടി.എ<br>എം.പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | പങ്കാളി | സാമ്പത്തികം/പിന്തുണ |
|---|---|---|---|---|
| ➢ ശാസ്ത്ര പഠനത്തെ സാമൂഹ്യ മുന്നേറ്റത്തിനു പ്രയോജനപ്പെടുത്താനു ള്ള മനോഭാവം വളർ ത്തുക. | ➢ പഠനയാത്ര-ഫാക്ടറി സന്ദർശനം, വിവിധ മരുന്നുകളുടെ നിർ മാണത്തെപ്പറ്റി വിവര ങ്ങൾ ശേഖരിക്കുന്നതിന്. | 3 ദിവസം ഒക്ടോബർ | ശാസ്ത്ര അധ്യാപകർ | പി.ടി.എ<br>എം.പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ |
| ➢ ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്രപഠനത്തെ പ്രയോജനപ്പെടുത്തുക. | ➢ സെമിനാർ-പ്ലാസ്റ്റിക് മലിനീകരണത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് സെമിനാർ സംഘടി പ്പിക്കുന്നു. | ജൂലൈ | ശാസ്ത്ര അധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>എം.പി.ടി.എ |
| | ➢ ഫീൽഡ് ട്രിപ്പ്. ഓരോ പ്രദേശത്തെയും പുഴകളിലെ ജലം പരി ശോധിച്ച് അതിന്റെ PH കണ്ടെത്തുന്നു. അതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനം നടത്തുന്നു. | ആഗസ്റ്റ് | ശാസ്ത്ര അധ്യാപകർ | പി.ടി.എ |

## മേഖല – അക്കാദമികം

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| ➢ സാമൂഹ്യശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക. | ➢ ദിനാചരണങ്ങൾ സവിശേഷ ദിനങ്ങളെ ആചരിക്കുന്നു. ചാർട്ടുകൾ, ചുവർ പത്രികകൾ തയ്യാറാക്കുന്നു. റാലികൾ പി.ടി.എ യുടെ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നു. | അതതു ദിനങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ എം.പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ |
| ➢ കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പാഠനേട്ടങ്ങളും എല്ലാ കുട്ടികളിലും ആർജ്ജിക്കുക. | ➢ ലഹരി വിരുദ്ധ യജ്ഞം (സ്കൂൾ തലം) | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| ➢ സാമൂഹ്യശാസ്ത്ര പഠനത്തെ സാമൂഹ്യ മുന്നേറ്റത്തിനു പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക. | ➢ ബാങ്ക് സന്ദർശനം<br>➢ എ.ടി.എം. ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയവ മനസ്സിലാക്കുന്നതിന് | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| ➢ പൗരബോധം വളർത്തുക.<br>➢ സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക. | ➢ പഞ്ചായത്ത് ഓഫീസ് സന്ദർശനം, പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും കുറിപ്പുകൾ തയ്യാറാക്കുന്നതിനും | ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| • സാമൂഹ്യശാസ്ത്ര പഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക. | • ഫീൽഡ് സ്റ്റഡി പത്തനാപുരം പ്രദേശത്ത് കാർഷിക മേഖലയിൽ സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിന് | ഒരു വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ എം.പി.ടി.എ |
| • പാർശ്വവത്കരിക്കപ്പെട്ട കുട്ടികളെ സാമൂഹ്യ ബോധത്തിലൂടെ നേർരേഖയിൽ എത്തിക്കുക. | • ചരിത്ര രചന പത്തനാപുരം കുറുമ്പകര പ്രദേശത്തിന്റെ പ്രാദേശിക ചരിത്ര രചന | ഒരു വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| • സാമൂഹ്യശാസ്ത്ര അധ്യാപക ശാക്തീകരണം | • പഠനയാത്ര പാഠഭാഗവുമായി ബന്ധപ്പെട്ടുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന യാത്ര | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| • സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക സാമൂഹ്യശാസ്ത്രപഠനത്തെ ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക. | • ഡിജിറ്റൽ ലൈബ്രറി<br>• സാമൂഹ്യശാസ്ത്ര ലാബ്<br>• ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, കെട്ടിടങ്ങൾ, സംഭവങ്ങൾ, വ്യക്തികൾ ഇവയു-മായി ബന്ധപ്പെട്ട വീഡിയോകൾ ശേഖരിച്ച് ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുന്നു. | ഒരു വർഷം<br>ഒരു വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര - നൂതന അറിവുകൾ - കണ്ടെത്തലുകൾ പ്രദർശനം | • **സോഷ്യൽ സയൻസ് ബുള്ളറ്റിൻ ബോർഡ്**<br>എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും<br><br>ഒരു വർഷം | S.S ക്ലബ്ബ് | |
| ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ കൂടുതൽ അറിയാൻ. | • **സംവാദം, സെമിനാർ**<br>സമകാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ. | മാസത്തിൽ 1 വീതം | SRG<br>SS Club | ജനപ്രതിനിധി-കൾ<br>പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | • **സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ** അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ 1 തവണ | S.S അധ്യാപകർ | |
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | • **മോക്ക് പാർലമെന്റ്** പ്രകടനപത്രിക, പ്രചാരണം, മിറ്റ് ന കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള തെരഞ്ഞെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം. തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | വർഷത്തിൽ 4 തവണ | S.S അധ്യാപകർ സ്കൂൾ പാർലമെന്റ് ഭാരവാഹികൾ | |

## മേഖല – അക്കാദമികം

### ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| • ഗണിതത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക. | • ഗണിതം അറിയാം ഗണിതത്തിലൂടെ കുട്ടിയെ അറിയുന്നു. ഗണിതാശയത്തെ തിട്ടപ്പെടുത്തുന്നു. | മെയ് (ജൂൺ) | ഗണിതാധ്യാപകർ | പി.ടി.എ |
| • ഗണിതത്തെ ആയാസ രഹിതമാക്കി മാറ്റുക. | • ഗണിതം രസകരം കളികളിലൂടെ ഗണിതത്തെ ആയാസരഹിതമാക്കി മാറ്റുന്നു. | ജൂൺ | ഗണിതാധ്യാപകർ | പി.ടി.എ |
| • ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പിന്നിലുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക. | • ഗണിതം അരികിലേക്ക് ഓരോ കുട്ടിയുടെയും ഗണിത പ്രശ്നങ്ങൾ കണ്ടെത്തി. പരിഹാര പ്രക്രിയ കണ്ടെത്തൽ. ബോധന സംവിധാനങ്ങൾ ഒരുക്കൽ. | ജൂൺ മുതൽ നവംബർ വരെ | ഗണിതാധ്യാപകർ | പി.ടി.എ |
| • ഗണിത പഠനത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.<br>• ഗണിത അധ്യാപക ശാക്തീകരണം. | • പാഠഭാഗങ്ങളെ ബന്ധപ്പെടുത്തി ആവശ്യമായ ICT Teaching Aid രൂപപ്പെടുത്തുന്നു. | അക്കാദമിക വർഷം | ഗണിതാധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| • സ്വന്തം ജീവിതത്തിൽ ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക. | • ഗണിത മാസിക<br>- വിവര ശേഖരണം<br>- ക്രോഡീകരണം<br>- മെച്ചപ്പെടുത്തൽ<br>• ഗണിത ശാസ്ത്രജ്ഞന്മാരുടെ ദിനാചരണം | ഒക്ടോബർ | ഗണിതാധ്യാപകർ | പി.ടി.എ |
| • കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക. | • ഗണിത ലാബ് നിർമ്മാണം:-<br>മുറി തയ്യാറാക്കൽ<br>ഔട്ട്ഡോർ ക്ലാസ് റൂം<br>പാറ്റേൺസ് ഗ്രാഫുകൾ<br>മോഡൽസ്<br>ചാർട്ട്<br>ഗണിത ശാസ്ത്രജ്ഞരുടെ ഛായാചിത്രങ്ങൾ | ഒരു വർഷം | ഗണിതാധ്യാപകർ | പി.ടി.എ |
| • ഗണിത പഠനശേഷി വികസിപ്പിക്കുക. | • ഗണിതത്തിലെ പ്രതിഭകളെ കണ്ടെത്തുന്നു. | 6 മാസം | ഗണിതാധ്യാപകർ | പി.ടി.എ |
| • ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഗണിതപഠനത്തെ പ്രയോജനപ്പെടുത്തുക. | • പഠനയാത്ര – ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പഠനയാത്ര നടത്തുന്നു. | ഒക്ടോബർ | ഗണിതാധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| • ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ 2 വാരങ്ങൾ | അധ്യാപകൻ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| • നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതിപെട്ടിയുടെ ഉപയോഗം. ശില്പശാല | തുടർ പ്രവർത്തനം | അധ്യാപകൻ | |
| • ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല, ക്ലബ്ബ് പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകൻ, ഗണിത ക്ലബ്ബ് | പി.ടി.എ |
| • സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകൻ, സംഘത്തലവൻ | |
| • പഠിയ്ക്കുന്നത് മുതലുള്ള തുടർപഠനം സാധ്യമാക്കി അടിസ്ഥാനം ഉറപ്പിക്കൽ | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | തുടർ പ്രവർത്തനം | വിഷയസമിതി കൺവീനർ, അധ്യാപകർ | |
| • ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ, മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകൻ, പി.ടി.എ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| • ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ. | ഓരോ ടേമിലും | ക്ലബ്ബ് സെക്രട്ടറി അധ്യാപകൻ | പി.ടി.എ |
| • രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | എല്ലാ അധ്യാപകരും | മാസത്തിൽ ഒന്ന് | അധ്യാപകൻ HM | പി.ടി.എ |

## മേഖല - അക്കാദമികം

## കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| • രചന | • വസ്തുക്കളുടെ രൂപവും നിറവും മനസ്സിലാക്കി ചിത്രരചന നടത്തുന്നു. | നിരന്തര പ്രവർത്തനം | കലാധ്യാപകൻ | പി.ടി.എ |
| • വായന കലാപഠനത്തിൽ IT സാധ്യത പ്രയോജനപ്പെടുത്തൽ | • ലോകപ്രശസ്ത ചിത്രകാരന്മാരുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ച് വിലയിരുത്തൽ നടത്തുന്നു. | നിരന്തര പ്രവർത്തനം | കലാധ്യാപകൻ | പി.ടി.എ |
| • കുട്ടികളുടെ നൈപുണ്യശേഷി വളർത്തുന്നു. | • കമ്പ്യൂട്ടറിൽ ചിത്രരചന, എഡിറ്റിംഗ്, കളറിംഗ് | നിരന്തര പ്രവർത്തനം | കലാധ്യാപകർ | പി.ടി.എ |
| • കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുന്നതിന് | • ചിത്രങ്ങളിൽ നിഴലും വെളിച്ചവും എന്ന പ്രകാശ വ്യതിയാനങ്ങൾ ആവിഷ്കരിക്കാൻ പരിശീലിപ്പിക്കുന്നു. രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | നിരന്തര പ്രവർത്തനം | കലാധ്യാപകർ | പി.ടി.എ |
| • ദിനാചരണങ്ങളിൽ കലാപഠനത്തെ ഉപയോഗപ്പെടുത്തുന്നതിന് | • ദിനാചരണവുമായി ബന്ധപ്പെട്ട് ചിത്രരചന നടത്തുന്നു. | നിരന്തര പ്രവർത്തനം | കലാധ്യാപകർ | പി.ടി.എ |
| • കലാപഠനത്തിൽ ഈ സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിൽ എത്തുക. | • ആർട്ട് ലൈബ്രറി നിർമാണം. മികച്ച പെയിന്റിംഗുകൾ സാധന സാമഗ്രികൾ | 1 വർഷം | കലാധ്യാപകർ | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ |

## മേഖല - അക്കാദമികം

## ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| • വ്യക്തിഗത ആരോഗ്യത്തെ സംബന്ധിച്ച് ധാരണകൾ കുട്ടികളിൽ ഉണ്ടാക്കുക. | • സെമിനാർ<br>വ്യക്തിഗത ആരോഗ്യത്തെ സംബന്ധിച്ച് കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ധാരണ നേടുന്നതിനായി സെമിനാർ സംഘടിപ്പിക്കുന്നു.<br>• ഫീൽഡ് ട്രിപ്പ്<br>മികച്ച ക്രിക്കറ്റ് ഗ്രൗണ്ടുകൾ സന്ദർശിക്കുന്നു. | ജൂൺ | കായികാധ്യാപകർ | പി.ടി.എ |
| • ബാറ്റിംഗ്, ബൗളിംഗ്, ഫീൽഡിംഗ്, ക്യാച്ചിംഗ് വിക്കറ്റ് കീപ്പിംഗ് തുടങ്ങിയ ക്രിക്കറ്റിന്റെ എല്ലാ മേഖലയിലും ശാസ്ത്രീയമായ അറിവ് നേടുകയും പരിശീലിക്കുകയും ചെയ്യുക. | • സ്റ്റോർ റൂം.<br>കായിക ഉപകരണങ്ങൾ സൂക്ഷിക്കാനും കുട്ടികൾക്ക് വിശ്രമിക്കാനും ഡ്രസ്സ് മാറാനുമുള്ള മുറി സജ്ജീകരിക്കണം. | ഒരു വർഷം | കായികാധ്യാപകർ<br>പ്രഥമാധ്യാപകൻ | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ |
| • ക്രിക്കറ്റിന്റെ ചരിത്രവും നിയമങ്ങളും പഠിപ്പിക്കുക | • കായിക ഉപകരണങ്ങൾ വാങ്ങുന്നു. | 6 മാസം | കായികാധ്യാപകർ | പി.ടി.എ |
| • കുട്ടികളെ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും അതിൽ വിജയിക്കാനും പ്രാപ്തരാക്കുക. | • നടത്തം, ജോഗിങ് സ്ട്രെച്ചിങ് എക്സർസൈസ്, റിസ്റ്റ് റൊട്ടേഷൻ, ഹിപ്പ് ബെന്റിങ് ഓരോപ്രവർത്തനങ്ങൾക്കും വേണ്ട നിർദ്ദിഷ്ട വാമിങ് അപ്പ് കൂളിംഗ് ഡൗൺ | നിരന്തര പ്രവർത്തനം | കായികാധ്യാപകർ | പി.ടി.എ |

## മേഖല – ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/പിന്തുണ |
|---|---|---|---|---|
| ❖ പുതിയ സ്കൂൾ കെട്ടിട സമുച്ചയം<br>• മികച്ച ശബ്ദ സംവിധാനം | • മികച്ച ശബ്ദ സംവിധാനം ഏർപ്പെടുത്തുന്നു. | | പി.ടി.എ, സ്റ്റാഫ്, മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ | പി.ടി.എ<br>സ്റ്റാഫ്<br>പൂർവ്വ വിദ്യാർത്ഥികൾ |
| • സി.സി.ടി.വി സ്ഥാപിക്കൽ | • സ്കൂൾ അന്തരീക്ഷം മെച്ചപ്പെടുത്താൻ സി.സി.ടി.വി സ്ഥാപിക്കുന്നു | | പി.ടി.എ<br>മാനേജ്മെന്റ് | പി.ടി.എ<br>മാനേജ്മെന്റ് |
| • ജൈവ വൈവിധ്യപാർക്ക് | • പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് ശാസ്ത്രപഠനത്തിൽ ഉന്നത നിലവാരം ലക്ഷ്യമിട്ട് ജൈവ വൈവിധ്യപാർക്ക് നിർമ്മിക്കുന്നു. | | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>മാനേജ്മെന്റ്<br>സ്റ്റാഫ് | പി.ടി.എ<br>മാനേജ്മെന്റ്<br>പൂർവ്വ വിദ്യാർത്ഥികൾ |
| • സ്കൂളിനു വേണ്ട വൈദ്യുതി സ്കൂളിൽ നിന്നും ഉത്പാദിപ്പിക്കുക. | • സോളാർ സംവിധാനം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. | | പി.ടി.എ<br>മാനേജ്മെന്റ്<br>സ്റ്റാഫ് | പി.ടി.എ<br>മാനേജ്മെന്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്റ്റാഫ് |
| • ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ. Absent Alert | • Absent Alert വിദ്യാർത്ഥികളെക്കുറിച്ചുള്ള വിവരങ്ങൾ വളരെ വേഗത്തിൽ രക്ഷാകർത്താക്കളെ അറിയിക്കുന്നു. | | പി.ടി.എ<br>സ്റ്റാഫ് | പി.ടി.എ<br>സ്റ്റാഫ്<br>മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/പിന്തുണ |
|---|---|---|---|---|
| • ബയോഗ്യാസ് പ്ലാന്റ് | • ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നു. | | പി.ടി.എ<br>സ്റ്റാഫ് | പി.ടി.എ<br>പഞ്ചായത്ത്, സ്റ്റാഫ്,<br>MLA ഫണ്ട് |
| • സ്മാർട്ട് ക്ലാസ് റൂം ഡിജിറ്റൽ ക്ലാസ് റൂം | • എല്ലാ ക്ലാസ് മുറികളിലും LCD Mount ചെയ്തതും ബോർഡ് ഉള്ളതുമായ 18 ക്ലാസ് റൂം, 5 സ്മാർട്ട് ക്ലാസ് മുറികൾ. കമ്പ്യൂട്ടർ ലാബ് എയർകണ്ടീഷൻ ചെയ്തത് ഉൾപ്പെടെ. എല്ലാ മുറിയും ടൈൽ പാകിയത്. | | പി.ടി.എ<br>സ്റ്റാഫ്<br>SSA, AEO, DEO, DIET<br>it@school,<br>വിദ്യാഭ്യാസ വകുപ്പ് | മാനേജ്മെന്റ്<br>MP/MLA ഫണ്ട്<br>ഗ്രാമപഞ്ചായത്ത്<br>ജില്ല/ബ്ലോക്ക് പഞ്ചായത്ത്<br>പൂർവ്വ വിദ്യാർത്ഥികൾ<br>പി.ടി.എ |
| • മികച്ച കളിസ്ഥലം | • അത്യാധുനിക ഉപകരണങ്ങൾ സജ്ജീകരിച്ച കളിസ്ഥലം/ബാസ്കറ്റ് ബോൾ കോർട്ട്, വോളിബോൾ കോർട്ട് എന്നിവ ഉൾപ്പെടെ | | പി.ടി.എ<br>സ്റ്റാഫ്<br>SSA<br>AEO<br>DEO | മാനേജ്മെന്റ്<br>പി.ടി.എ<br>MP/MLA ഫണ്ട്<br>ഗ്രാമപഞ്ചായത്ത്<br>ജില്ല/ബ്ലോക്ക് പഞ്ചായത്ത് |
| • ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ | • മികച്ച ടോയ്‌ലറ്റ് സൗകര്യം<br>Teachers Toilet<br>She Toilet<br>Boys Toilet | | പി.ടി.എ<br>മാനേജ്മെന്റ്<br>സ്റ്റാഫ്<br>SSA, DIET | പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>SSA, DIET |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം/പിന്തുണ |
|---|---|---|---|---|
| • ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ | • ആവശ്യമായ അത്യാധുനിക ഫർണ്ണിച്ചറുകൾ. കുട്ടികൾക്ക് പ്രത്യേകം ഇരിപ്പിടങ്ങളും മേശയും. | | പി.ടി.എ<br>മാനേജ്മെന്റ്<br>സ്റ്റാഫ് | പി.ടി.എ<br>മാനേജ്മെന്റ്<br>പൂർവ്വ വിദ്യാർത്ഥികൾ |
| | • വേനൽക്കാലത്തെ അതിജീവിക്കാനായുള്ള വെള്ള സ്രോതസ്സുകൾ കണ്ടെത്തുന്നു. | | പി.ടി.എ<br>മാനേജ്മെന്റ്<br>സ്റ്റാഫ്<br>SSA, DIET | പി.ടി.എ<br>മാനേജ്മെന്റ്<br>പൂർവ്വ വിദ്യാർത്ഥികൾ |
| | • ലിക്കാർഡ്ബ്സ് റൂം മികച്ച സ്റ്റാഫ് റൂം. | | പി.ടി.എ<br>മാനേജ്മെന്റ്<br>സ്റ്റാഫ് | പി.ടി.എ<br>മാനേജ്മെന്റ്<br>പൂർവ്വ വിദ്യാർത്ഥികൾ |
| | • എല്ലാ കുട്ടികൾക്കും സൗകര്യപ്രദമായ വാഹനസൗകര്യം | | പി.ടി.എ<br>മാനേജ്മെന്റ്<br>സ്റ്റാഫ് | പി.ടി.എ<br>മാനേജ്മെന്റ് |

## മേഖല – സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | പങ്കാളിത്തം | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|
| • സാമൂഹിക പ്രതിബദ്ധത ഉറപ്പിക്കൽ | • ലഹരി വിമുക്തജാഗരണം (സാമൂഹിക തലം) കോർണർ സെമിനാറുകൾ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ്, നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>പി.ടി.എ<br>എം.പി.ടി.എ<br>എക്സൈസ് ഡിപ്പാർട്ട്മെന്റിലെ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർ | പി.ടി.എ<br>എം.പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>എക്സൈസ് വകുപ്പ് |
| | • നിയമപഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | ജൂലൈ ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദർ | പി.ടി.എ<br>എം.പി.ടി.എ |
| | • അമ്മ വായന<br>• സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകമെടുത്ത് വായിക്കാൻ രക്ഷിതാക്കൾക്കും അവസരം നൽകുന്നു. ആഴ്ചയിൽ ഒരു ദിവസം പുസ്തകവിതരണം പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നു. | | സ്കൂൾ ലൈബ്രേറിയൻ<br>പ്രധാനാധ്യാപകൻ<br>ഭാഷാധ്യാപകർ<br>പി.ടി.എ | പി.ടി.എ<br>എം.പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്കൂൾ ലൈബ്രറി<br>SRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം /പിന്തുണ |
|---|---|---|---|---|
| • സാമൂഹിക പ്രതിബദ്ധത ഉറപ്പിക്കൽ<br>• പൗരധർമ്മം<br>• പരസഹായം വർദ്ധിപ്പിക്കൽ | • ജൈവവള ഫാക്ടറി ജൈവവള ഫാക്ടറി നിർമ്മാണം. പ്രോത്സാഹിപ്പിക്കൽ | ആഗസ്റ്റ് | പി.ടി.എ<br>എം.പി.ടി.എ | ഗ്രാമപഞ്ചായത്ത്<br>SRG, DEO, AEO, SSA |
| | • മികച്ച പ്രാഥമികശുശ്രൂഷാ സംവിധാനം | ഒരു വർഷം | പി.ടി.എ<br>എം.പി.ടി.എ<br>സ്റ്റാഫ്<br>മാനേജ്മെന്റ് | പി.ടി.എ<br>സ്റ്റാഫ്<br>മാനേജ്മെന്റ് |
| | • സഹപാഠിക്ക് ഒരു കൈത്താങ്ങ്- സാമ്പത്തികമായി കഷ്ടപ്പെടുന്ന രോഗികളായ രക്ഷാകർത്താക്കൾക്ക് കുട്ടികളും അധ്യാപകരും ശേഖരിക്കുന്ന തുക സഹായമായി നൽകുന്നു. | എല്ലാ വർഷവും | സ്റ്റാഫ്<br>പി.ടി.എ<br>എം.പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ | പി.ടി.എ<br>എം.പി.ടി.എ<br>SRG<br>പൂർവ്വ വിദ്യാർത്ഥികൾ |
| | • മാലിന്യ വിമുക്ത ഗ്രാമം പ്ലാസ്റ്റിക് ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നു. പ്ലാസ്റ്റിക്കിനു പകരം മറ്റു വസ്തുക്കളുടെ നിർമ്മാണം പരിശീലിപ്പിക്കുന്നു. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് മാതൃകയാക്കി കാണിക്കുന്നു. പ്ലാസ്റ്റിക് വിമുക്ത ഗ്രാമത്തോടൊപ്പം മാലിന്യങ്ങൾ വലിച്ചെറിയാതെ ഉറവിടത്തിൽ സംസ്ക്കരിക്കാൻ പരിശീലിപ്പിക്കുന്നു. | ആഗസ്റ്റ് 15 മുതൽ സെപ്റ്റംബർ 30 വരെ (തുടർപ്രവർത്തനം) | പി.ടി.എ<br>എം.പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>SSA | ഗ്രാമപഞ്ചായത്ത്<br>നല്ല പാഠം<br>SSA<br>DIET<br>ശുചിത്വമിഷൻ<br>പൂർവ്വ വിദ്യാർത്ഥികൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | പങ്കാളി | സാമ്പത്തികം/പിന്തുണ |
|---|---|---|---|---|
| • ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുക<br>• കൗമാര സുരക്ഷ ഉറപ്പുവരുത്തുക | • രക്ത നിർണയക്യാമ്പ് ഡയറക്ടറി നിർമാണം നേത്രപരിശോധന | ആഗസ്റ്റ് സെപ്റ്റംബർ | പി.ടി.എ<br>എം.പി.ടി.എ<br>സ്റ്റാഫ് | പി.ടി.എ<br>എം.പി.ടി.എ<br>SSA<br>DIET<br>ഗ്രാമപഞ്ചായത്ത് |
| | • കൗൺസിലിംഗ് - കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് സാമൂഹിക സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി കൗൺസിലിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ഇതിൽ രക്ഷിതാക്കളുടെ പങ്കാളിത്തത്തിനാണ് പ്രാധാന്യം. | ജൂലൈ | പി.ടി.എ<br>എം.പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ | പി.ടി.എ<br>എം.പി.ടി.എ<br>സ്റ്റാഫ്<br>DEO<br>കൗൺസിലിംഗ് സെന്ററുകൾ |

## മോണിറ്ററിംഗ് രീതി

പ്രധാനാധ്യാപിക, എ.ഇ.ഒ, ഡി.ഇ.ഒ, ഡയറ്റ് ഫാക്കൽറ്റികൾ, എസ്.എസ്.എ യിൽ നിന്നുള്ള അധ്യാപകർ തുടങ്ങിയവർ അക്കാദമിക തലത്തിലും വാർഡ് കൗൺസിലർ, ഗ്രാമസഭ, സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തുടങ്ങിയവർ ഭൗതിക തലത്തിലും മോണിറ്ററിംഗ് നടത്തുന്നു. നിരന്തരമായ മൂല്യനിർണ്ണയ പ്രക്രിയയിലൂടെ കുറവുകൾ അതതു സമയത്തു തന്നെ പരിഹരിച്ച് സമഗ്രമായ വിദ്യാഭ്യാസലക്ഷ്യം കൈവരിക്കുന്നതിന ആവശ്യമായ നടപടികൾ സ്വീകരിക്കും. വിദ്യാലയം മികവാർന്ന പ്രവർത്തനത്തിലൂടെ മുന്നേറുമ്പോൾ മോണിറ്ററിംഗ് ഒരു പ്രധാന പ്രവർത്തനമായി മാറുന്നു.

## ഉപസംഹാരം

സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷയ്ക്കൊത്ത് പൊതുവിദ്യാലയങ്ങളെ രൂപപ്പെടുത്തുകയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ നവീനങ്ങളായ നിരവധി കർമ്മപദ്ധതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ വിദ്യാലയ വികസനരേഖ ഒരു മാർഗ നിർദ്ദേശ രേഖയായി മാറുന്നു. സമഗ്ര ഗുണമേന്മ ലക്ഷ്യമാക്കി നടത്തുന്ന പ്രവർത്തനങ്ങൾ അക്കാദമിക രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കുകയും സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിനുള്ള ഭൗതികവും സാമൂഹികവുമായ എല്ലാ സഹായങ്ങളും ലഭ്യമായ മേഖലകളിൽ നിന്ന് നേടിയെടുക്കുന്നതിനുള്ള പദ്ധതിയും ഈ രേഖ വിഭാവനം ചെയ്യുന്നു.

ഭൗതിക മേഖലയിൽ പുതിയ കെട്ടിടങ്ങളും ആധുനിക സംവിധാനങ്ങൾ രൂപപ്പെടുകയും അക്കാദമിക് മേഖലയിൽ ഭാഷ, ഗണിതം, ശാസ്ത്രം എന്നിവയിൽ നൂതനവും അന്വേഷണാത്മകവുമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുകയും ചെയ്യുമ്പോൾ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതായിത്തീരുന്നു. നിലവിലെ പശ്ചാത്തലത്തിന്റെയും ഭൗതിക സാഹചര്യങ്ങളുടെയും അറിവുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ വികസനരേഖ നിരന്തര മാറ്റങ്ങൾക്ക് വിധേയമാകാനുള്ള ഇടങ്ങൾ നൽകിയിട്ടുണ്ട്. വിദ്യാലയത്തിന്റെ കാഴ്ചപ്പാടുകൾക്ക് വിധേയമായാണ് ഈ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്. പരിമിതികളെയും വെല്ലുവിളികളെയും മുന്നിൽക്കണ്ടുകൊണ്ട് തയ്യാറാക്കിയ ഈ വികസനരേഖ അക്കാദമിക നിലവാരത്തെയും സാമൂഹിക ഉന്നമനത്തെയും ലക്ഷ്യമിടുന്നു. അക്കാദമിക ആസൂത്രണത്തോടൊപ്പം സാമ്പത്തികാസൂത്രണവും ഈ വികസനരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അക്കാദമിക വിലയിരുത്തലും ജനകീയ സംവിധാനങ്ങളുടെ വിദ്യാലയ പ്രവർത്തന അവലോകനവും ഏകോപിപ്പിച്ചുകൊണ്ടാണ് ഈ വിദ്യാലയ വികസനരേഖ തയ്യാറാക്കിയിരിക്കുന്നത്. വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിനുള്ള ഒരു ചട്ടക്കൂടായി ഈ രേഖ മാറുന്നു. ഈ വിദ്യാലയ വികസനരേഖ ഫലവത്താകണമെങ്കിൽ ഗവൺമെന്റിന്റെയും പൊതുസമൂഹത്തിന്റെയും പൂർണ്ണ പങ്കാളിത്തവും സാമ്പത്തിക പിന്തുണയും ആവശ്യപ്പെടുന്നു. ഈ അക്കാദമിക വർഷത്തിനപ്പുറത്തേക്ക് നീളുന്ന ഈ പദ്ധതി വിദ്യാഭ്യാസമേഖലയിൽ വലിയ വിപ്ലവത്തിന് വഴി തെളിക്കും എന്നതിൽ സംശയമില്ല.